# പരിശുദ്ധാത്മ സ്നാനത്തെ വിലമതിക്കുക.

സാക് പുന്നൻ

WFTW 14 ജൂലൈ 2013

2 രാജാക്കന്മാർ അദ്ധ്യായം 2 ൽ എലിയാവിനാൽ പരീക്ഷിക്കപ്പെട്ടപ്പോൾ നിർബന്ധബുദ്ധിയോടെ പിടിച്ചുനിന്ന ഏലീശായെ നാം കാണുന്നു. ഏലിയാവ് സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുവാൻ തുടങ്ങുന്ന സമയത്ത് എലീശാ ഗിൽഗാൽ വരെ അവനോടൊപ്പം ചെന്നു. ഏലിയാവ് അവിടെനിന്നും ബെഥേലിലേക്ക് പോകുവാൻ തുടങ്ങിയപ്പോൾ എലീശയോട് ഗിൽഗാലിൽ നിന്നുകൊള്ളാൻ പറഞ്ഞു. എന്നാൽ എലീശാ പറഞ്ഞു 'ഇല്ല, ഞാനും നിന്നോടൊപ്പം വരികയാണ്'. ഏലിയാവ് താൻ യരീഹോവിലേക്ക് പോകുന്നതിനാൽ എലീശയോട് ബെഥേലിൽ വച്ച് വീണ്ടും അവിടെത്തന്നെ നില്ക്കാൻ ആവശ്യപ്പെട്ടു. വീണ്ടും എലീശായുടെ മറുപടി 'ഇല്ല, ഞാൻ നിന്നോടൊപ്പം വരികയാണ്' എന്നായിരുന്നു. യെരീഹോവിൽ വച്ചും ഇതേ രംഗം ആവർത്തിച്ചു. ഏലിയാവ് യോർദ്ദാനിലേക്ക് പോയി. അവർ യോർദ്ദാൻ നദിക്കരയിൽ എത്തിയപ്പോൾ ഏലിയാവ് വെള്ളത്തെ അടിച്ചു. നദി പിളർന്നു അവർ രണ്ടു പേരും അക്കരെ കടന്നു. അപ്പോൾ ഏലിയാവ് എലീശയോട് ചോദിച്ചു,'നീ എന്തിനാണ് എന്നെ പിന്തുടരുന്നത്?. നിനക്കെന്താണ് വേണ്ടത്?.

നിങ്ങളെ സംബന്ധിച്ച് എങ്ങനെയാണ്? എന്താണ് നിങ്ങൾക്ക് വേണ്ടത്? കൂടുതൽ വരുമാനമാണോ? അല്ലെങ്കിൽ ഒരു വീടോ ഒരു കാറോ ആണോ നിങ്ങൾ ആഗ്രഹിക്കുന്നത്? ഏതായാലും എലീശാ പറഞ്ഞത് 'എനിക്ക് നിൻറെ ആത്മാവിൻറെ പകുതി പങ്ക് വേണം'. അവനീ ലോകത്തിലുള്ളതൊന്നും ചോദിച്ചില്ല. ഉണ്ടായിരുന്ന ആത്മാവിന്റെ അഭിഷേകമാണ് അവൻ ചോദിച്ചത്. അതുകൊണ്ടാണ് അവൻ ഏലിയാവിനെ വിടാതെ പിന്തുടർന്നത്.

ഒരു ശുശ്രൂഷ നമ്മെ എൽപ്പിക്കുന്നതിനുമുമ്പ് ദൈവം നമ്മെയും പരീക്ഷിക്കും. അവിടുന്ന് ചില അനുഭവങ്ങൾ നല്കും. ഗില്ഗാലിലേക്കു കൊണ്ടുവന്ന് നാം അവിടെ തൃപ്തരായി നില്ക്കുകയാണോ എന്ന് നോക്കും. ചില ക്രിസ്ത്യാനികൾ അവിടെ തൃപ്തരായിരിക്കും. എന്നാൽ മറ്റു ചിലർ പറയും 'ഇല്ല കർത്താവേ, ഞാൻ തൃപ്തനല്ല. ദൈവം ഈ ആളുകളെ കൂടുതൽ ആഴത്തിലുള്ള അനുഭവത്തിലേക്ക് നടത്തും ബെഥേലിലേക്ക് അവിടുന്ന് ചില ദർശനങ്ങളൊക്കെ നല്കും, ചിലർ അതിൽ തൃപ്തരാകും. മറ്റു ചിലർ പറയും ' ഇല്ല കർത്താവേ, എനിക്കങ്ങയെ കൂടുതൽ വേണം'. ഒരു പക്ഷെ ദൈവം നിങ്ങളിലൂടെ ഒരു അത്ഭുതം പ്രവർത്തിച്ചു എന്ന് വരാം. ചിലർ അതിൽ തൃപ്തരാകും. അപ്പോഴും മറ്റു ചിലർ പറയും 'ദൈവമേ, അങ്ങയിൽ ആവസിച്ച അതെ ആത്മാവ് എൻറെ മേലും ആവസിക്കുവാനും സമ്പൂർണ്ണമായി അങ്ങയെപോലെ ആകുവാനും ഞാൻ ആഗ്രഹിക്കുന്നു. അതിൽ കുറഞ്ഞ ഒന്നിലും ഞാൻ തൃപ്തനാകുകയില്ല'. അത്തരമൊരു ഹൃദയ വാഞ്ച നിങ്ങൾക്കുണ്ടോ? അങ്ങനെയെങ്കിൽ ദൈവം ഒരു നാളും നിങ്ങളെ നിരാശപ്പെടുത്തുകയില്ലെന്ന് ഞാൻ ഉറപ്പുനല്കട്ടെ.

ദൈവം നമുക്കായി ഏറ്റവും മികച്ചതിനേക്കാൾ വളരെ താഴെ അതിൻറെ 25% ത്തിലും, 50% ത്തിലും, 75% ത്തിലും തൃപ്തരായി ഇരിക്കുന്ന അനേകം ക്രിസ്ത്യാനികളെ ഞാൻ കണ്ടിട്ടുണ്ട്. തൻറെ തലമുറയിൽ ദൈവത്തിൻറെ ഏറ്റവും മികച്ചതായി എരിവോടെ നിന്ന എലീശയെ പോലെയാകുക. അവൻ സ്ഥിരോത്സാഹിയായി നിന്നതിനാൽ ഇരട്ടി അഭിഷേകം അവനു ലഭിച്ചു. ഏലിയാവ് ചെയ്തതിൻറെ ഇരട്ടി അത്ഭുതങ്ങൾ അവൻ ചെയ്തു.

ഇന്ന് നിങ്ങൾ പല പ്രാസംഗീകരുടെയും അടുത്ത് ചെന്ന്, ' എനിക്ക് പരിശുദ്ധാത്മ സ്നാനം പ്രാപിക്കണം' എന്ന് പറഞ്ഞാൽ അവർ പറയും, 'ഓ, അത് വളരെ ലളിതമാണ്. ഞാൻ നിൻറെ മേല കൈ വയ്ക്കട്ടെ' പിന്നീട് അയാൾ പ്രാർഥിക്കുകയും നിങ്ങളോട് ചില വാക്കുകൾ ഉച്ചരിക്കുവാൻ ആവശ്യപ്പെടുകയും ചെയ്യും. എന്നിട്ട് പറയും,'നിനക്കതു ലഭിച്ചു.' എന്നാൽ ഏലിയാവ് എലീശായോട് എന്താണ് പറഞ്ഞത് ?.അദ്ദേഹം പറഞ്ഞു, 'നിനക്ക് ആത്മാവിൻറെ ഇരട്ടി പങ്ക് വേണമോ? അത് അത്ര എളുപ്പമുള്ള കാര്യമല്ല. വളരെ പ്രയാസമുള്ള കാര്യമാണ് നീ ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ ഞാൻ സ്വർഗ്ഗത്തിലേയ്ക്ക് എടുക്കപ്പെടുന്നത് കാണുവാൻ ദൈവം നിന്നെ അനുവദിച്ചാൽ നിനക്ക് ലഭിക്കും'. ഏലിയാവ് കാര്യങ്ങൾ ദൈവത്തിൻറെ കൈകളിലേക്ക് വിട്ടു. ഏലിയാവ് ഇവിടെ ക്രിസ്തുവിൻറെ മാതൃകയാണ്. ഇതുതന്നെയാണ് കർത്താവ്

നമ്മോടും പറയുന്നത്. 'സകലത്തെയും ജയിച്ച് കീഴ്പ്പെടുത്തിയവനായി സ്വർഗ്ഗത്തിൽ പിതാവിൻറെ വലത്ത് ഭാഗത്ത് ഞാൻ ഇരിക്കുന്നത് നിങ്ങൾ കാണുകയും വിശ്വസിക്കുകയും ചെയ്യുന്നുവെങ്കിൽ നിങ്ങൾക്കും അഭിഷേകം ലഭിക്കും.

ഇരട്ടി അഭിഷേകം ലഭിക്കുകയെന്നത് കഠിനമായ ഒരു കാര്യമാണ്. എന്നാൽ മനുഷ്യരെ ആരെയും നോക്കാതെ ദൈവത്തെ മാത്രം നോക്കിയാൽ നിങ്ങൾക്ക് അത് പ്രാപിപ്പാൻ കഴിയും, അതായത് നിങ്ങളോടുള്ള ദൈവവചനത്തെ ശ്രദ്ധിച്ചാൽ. ഇന്ന് പരിശുദ്ധാത്മ സ്നാനം നല്കുന്നവൻ യേശു മാത്രമാണ്.അല്ലാതെ ഒരു മനുഷ്യനല്ല. യോഹന്നാൻ സ്നാപകൻ പോലും പറഞ്ഞു, 'എനിക്ക് നിങ്ങളെ വെള്ളത്താൽ സ്നാന പെടുത്താനെ കഴിയൂ. എന്നാൽ അവിടുന്ന് നിങ്ങളെ പരിശുദ്ധാത്മാവിനാലും അഗ്നിയാലും സ്നാനം കഴിപ്പിക്കും'. ഒരു മനുഷ്യനും നിങ്ങളെ പരിശുദ്ധാത്മാവിനാൽ സ്നാനപ്പെടുത്തുവാൻ കഴിയുകയില്ല. യേശുക്രിസ്തുവിന് മാത്രമേ അത് സാധിക്കൂ. അതിനാൽ നേരെ അവിടുത്തെ മുമ്പാകെ ചെല്ലുക.

ഏലിയാവും എലീശായും സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു അഗ്നിരഥം വന്നു ഏലിയാവിനെ എടുത്തുകൊണ്ടുപോയി. എലീശാ അത് കണ്ടു. അപ്പോൾ താഴെ വീണ ഏലിയാവിന്റെ മേലങ്കി എലീശായ്ക്ക് ലഭിച്ചപ്പോൾ അവനു ഇരട്ടി അഭിഷേകവും ലഭിച്ചു. ഉടനെ തന്നെ അതിനൊരു അടയാളവും ലഭിച്ചു. അദ്ദേഹം നടന്നു യോർദ്ദാൻ നദിക്കരയിൽ എത്തിയപ്പോൾ വെള്ളത്തെ അടിക്കുകയും നദി പിളർന്ന് നദിക്ക് അക്കരേയ്ക്ക് കടക്കുകയും ചെയ്തു. അഭിഷേകം നമ്മുടെ ജീവിതത്തിൽ വെളിപ്പെടുക തന്നെ ചെയ്യും. നാം ഒച്ചവെച്ച് അലറുകയോ, നമ്മുടെ അനുഭവങ്ങൾ ആരോടെങ്കിലും പറയുകയോ വേണ്ട. നമ്മുടെ ജീവിതവും ശുശ്രൂഷയും കൊണ്ട് അത് സ്വയം വെളിവാക്കപ്പെടും. നമ്മെ വിമർശിക്കുന്നവർക്ക് പോലും അത് വെളിവാകും.

(മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ)